ഉത്തരം

(എ, ബി) നിയമന രീതിയിൽ അപാകതകൾ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നിയമന പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി ചുവടെ സൂചിപ്പിച്ചിട്ടുള്ള നടപടികൾ അടുത്തകാലത്ത് സ്വീകരിച്ചിട്ടുണ്ട്.

1. താൽക്കാലിക നിയമനം നടത്തുന്നതിനു മുമ്പായി ബന്ധപ്പെട്ട തസ്തികകൾക്കായുള്ള റാങ്ക്‌ലിസ്റ്റ് നിലവിലില്ലെന്ന സർട്ടിഫിക്കറ്റ് പി. എസ്. സി. യിൽ നിന്ന് വാങ്ങിയിരിക്കണം.

2. പി. എസ്. സി. മുഖേന നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് ഡ്യൂട്ടിയിൽ പ്രവേശിക്കാൻ അനുവദിച്ചുപോയ പരമാവധി കാലാവധി മൂന്നുമാസത്തിൽനിന്നും 45 ദിവസമാക്കി കുറച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെയും ചിത്രാഞ്ജലി സ്റ്റുഡിയോയിലെയും നിയമനങ്ങൾ

421. [532] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെയും തിരുവല്ലത്തുള്ള പൊതുമേഖല സ്ഥാപനമായ ചിത്രാഞ്ജലി സ്റ്റുഡിയോയിലെയും നിയമനങ്ങൾ നടത്തുന്നത് ആരാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് ആരാണ് ;

(സി) ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വെളിപ്പെടുത്താമോ ;

(ഡി) 25-5-1982-നുമുമ്പ് മുകളിൽ പറഞ്ഞ രണ്ടു സ്ഥാപനങ്ങളിലും നിയമനങ്ങൾ നടന്നിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്ര ;

(എഫ്) ഏതെല്ലാം തസ്തികകൾ ;

(ജി) നിയമനങ്ങളിൽ സംവരണതത്വം പാലിക്കാറുണ്ടോ ;

(എച്ച്) പ്രസ്തുത സ്ഥാപനങ്ങളിൽ സ്ഥിരം ലാവണങ്ങളിൽ നിയമിക്കപ്പെട്ടവർ എത്ര ;

(ഐ) അതിൽ മുന്നോക്കസമുദായാംഗങ്ങൾ എത്ര ;

(ജെ) പിന്നോക്ക സമുദായാംഗങ്ങൾ എത്ര ;

(കെ) പട്ടികജാതി-പട്ടികവർഗ്ഗക്കാർ എത്ര ;

(എൽ) നിയമനങ്ങൾ പി. എസ്. സി. യ്ക്ക് വിട്ടുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എം) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടറാണ് നിയമനം നടത്തുന്നത്.

(ബി) ഇതിനായി അപ്പപ്പോൾ നിയോഗിക്കുന്ന സെലക്ഷൻ കമ്മിറ്റി.

(സി) അപ്പപ്പോൾ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് പത്രങ്ങളിൽ പരസ്യപ്പെടുത്തിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുത്തു നിയമനം നടത്തിവരുന്നു. റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിക്കുന്നതുവരെ ഈ നടപടിക്രമം തുടരുന്നതും അതിനുശേഷം അടിസ്ഥാന ശമ്പളം 700 രൂപക്ക് (ശമ്പള പരിഷ്ക്കരണത്തിനുമുമ്പുള്ള) താഴെയുള്ള തസ്തികകളിലേക്ക് പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്നതുമാണ്.

(ഡി) ഉണ്ട്.

(ഇ) വിവിധ തസ്തികകളിലായി 79 പേരെ നിയമിച്ചിട്ടുണ്ട്.

(എഫ്) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ജി) ഉണ്ട്.

(എച്ച്) ഒന്ന്.

(ഐ) ഇല്ല.

(ജെ) ഇല്ല.

(കെ) ഒന്ന്.

(എൽ) പി.എസ്.സി.ക്ക് വിട്ടുകൊടുത്തിട്ടുണ്ട്.

(എം) ചോദ്യം ഉദിക്കുന്നില്ല.

ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിച്ചിട്ടുള്ള ഫീച്ചർ ഫിലിമുകൾ

422. [533] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 30-9-1986 വരെ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ എത്ര ഫീച്ചർ ഫിലും നിർമ്മിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ചിത്രാഞ്ജലി സ്റ്റുഡിയോ ലാഭകരമായിട്ടാണോ നടത്തുന്നത് ;

(സി) ലാഭമാണെങ്കിൽ എത്ര ?

(ഡി) നഷ്ടമാണെങ്കിൽ ഇന്നുവരെയുള്ള നഷ്ടം എത്രയാണെന്നു പറയാമോ ;

ഉത്തരം

(എ) ചിത്രാഞ്ജലി സ്റ്റുഡിയോയിലെ മുഴുവൻ സൗകര്യങ്ങളും ഉപയോഗിച്ച് 70 കഥാചിത്രങ്ങളും 30-9-1986 വരെ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ അവിടത്തെ സൗകര്യങ്ങളും ഭാഗികമായി ഉപയോഗിച്ച് 200 കഥാചിത്രങ്ങളും നിർമ്മിച്ചിട്ടുണ്ട്. ഏതാനും ചിത്രങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ നടന്നുവരുന്നു.

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
16	സെക്രട്ടറി, ലോക്കൽ അഡ്മിനിസ്ട്രേഷൻ	
	1. ശ്രീ. അരുൺകുമാർ	10,585 00
	2. ശ്രീ. കെ. രാമചന്ദ്രൻ	4,444 00
17	സെക്രട്ടറി, പി. ആൻറ് എ. ആർ. ഡി. ശ്രീ. കെ. എൽ. എൻ. റാവു	17,786 00
18	ആസൂത്രണവകുപ്പു സെക്രട്ടറി ശ്രീ. എൻ. വരദാചാരി	42,947 00
19	പൊതുമരാമത്തുവകുപ്പു സെക്രട്ടി ശ്രീ. ആർ. സി. ചൗധരി	50,406 50
20	സെക്രട്ടറി, പവർവകുപ്പ് ശ്രീ. ജി. ഗോപാലകൃഷ്ണ പിള്ള	10,193 00
21	സെക്രട്ടറി, റവന്യൂവകുപ്പ് ശ്രീമതി സരളാഗോപാലൻ	70,872 50
22	നികുതിവകുപ്പു സെക്രട്ടറി	
	1. ശ്രീ. ആർ. പി. സിംഗ്	2,971 50
	2. എം. വിജയനുണ്ണി	6,123 00
	3. എം. ജി. കെ. മൂർത്തി	2,150 00
	2. ആർ. ബി. പഥക്	7,063 00
23	ഗതാഗതവകുപ്പു സെക്രട്ടറി	
	1. ശ്രീ. ആർ. സി. ചൗധരി	5,085 00
	2. കെ. ഉപ്പിലിയപ്പൻ	7,916 00
24.	സെക്രട്ടറി, എസ്. സി./എസ്. ടി. വകുപ്പ്	
	1. ശ്രീ. ആർ. ബി. പഥക്	12,185 50
	2. ശ്രീമതി ജെ. ലളിതാംബിക	5,088 50
25	സെക്രട്ടറി, റൂറൽ ഡെവലപ്പ്മെൻറ് ശ്രീ. പി. ഷൺമുഖസുന്ദരം	51,608 00
26	അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ ശ്രീ. എസ്. ഗോപാലൻ	43,262 50

അനുബന്ധം—IX

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (532) കാണുക

1	ഡ്രൈവർ	—	1
1	പ്യൂൺ	—	3
3	സ്വീപ്പർ	—	1
4	പ്രൊഡക്ഷൻ അസിസ്റ്റൻറ്	—	6
5	ഹെൽപ്പർ	—	7

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	
6	ഫീൽഡ് അസിസ്റ്റൻറ്	—	1
7	അസിസ്റ്റൻറ്	—	2
8	ഡ്രാഫ്റ്റ്മാൻ	—	1
9	സെക്യൂരിറ്റി ഗാർഡ്	—	3
10	പെർമനൻറ് ലേബറർ	—	30
11	സ്വീപ്പർ	—	3
12	ക്യാമറാമാൻ	—	1
13	യൂണിറ്റ് ബോയ്	—	5
14	ഡെവലപ്പിംഗ് അസിസ്റ്റൻറ്	—	3
15	പ്രൊജക്ഷനിസ്റ്റ്	—	2
16	കെമിക്കൽ മിക്സിങ് അസിസ്റ്റൻറ്	—	1
17	അസിസ്റ്റൻറ് സെക്യൂരിറ്റി ഓഫീസർ	—	1
18	ഫിലിം പ്രിൻറർ	—	1
19	ഇലക്ട്രീഷ്യൻ	—	2
20	എ.സി. പ്ലാൻറ് ഓപ്പറേറർ	—	2
21	ഇലക്ട്രിക്കൽ ടെക്നീഷ്യൻ	—	2
22	അസിസ്റ്റൻറ് അഡ്മിനിസ് ട്രേറ്റീവ് ഓഫീസർ	—	1

അനുബന്ധം—X

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (536) കാണുക

പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള താലൂക്കുകൾ

ജില്ല	താലൂക്ക്
(1)	(2)
കാസർഗോഡ്	1. ഹോസ്ദുർഗ്
കണ്ണൂർ	2. തളിപ്പറമ്പ്
	3. തലശ്ശേരി
വയനാട്	4. മാനന്തവാടി
	5. വൈത്തിരി
	6. സുൽത്താൻബത്തേരി
കോഴിക്കോട്	7. കൊയിലാണ്ടി
	8. വടകര
	9. കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly